## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1166 11.02.2016 ൽ മറുപടിയ്ക്ക്

**ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | കാസർഗോഡ് ജില്ലയിൽ ചെങ്ങറ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ഹോസ്ദുർഗ്ഗ് താലൂക്കിലെ പെരിയ വില്ലേജിൽ മാത്രമാണ് ചെങ്ങറ കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിച്ചിട്ടുള്ളത്. ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി വില്ലേജിൽ സ്ഥലം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. എന്നിരുന്നാലും സ്ഥലം അനുവദിച്ച കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും മുൻഗണനാക്രമമനുസരിച്ച് വീടും മറ്റും അനുവദിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ